**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **നവംബർ 11**<br>**November 11** | **2019** |

***1193 തുലാം 25 തിങ്കൾ***

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com **ഫോൺ0468-2222657**

**ഔദ്യോഗിക ഭാഷ : യോഗം 21ന്**

ഔദ്യോഗിക ഭാഷ ജില്ലാതല ഏകോപന സമിതി യോഗം 21ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 3097/19)

**സ്ത്രീ മുന്നേറ്റത്തിന് 'സമ' പദ്ധതിയുമായി സാക്ഷരതാ മിഷൻ**

പത്താംതരം-ഹയർസെക്കൻഡറി വിദ്യാഭ്യാസം പൂർത്തീകരിക്കാത്ത കേരളത്തിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകരെയും പത്താംതരം- ഹയർ സെക്കൻഡറി തുല്യതാ വിദ്യാഭ്യാസം നേടിക്കൊടുക്കുന്നതിന് 'സമ' പദ്ധതി. സാക്ഷരതാ മിഷനാണ് പദ്ധതിക്ക് നേതൃത്വം കൊടുക്കുന്നത്. എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 50 സ്ത്രീകൾ പഠിതാക്കളായുള്ള ഓരോ പത്താംതരം തുല്യത, ഹയർസെക്കൻഡറി തുല്യത ബാച്ചുകൾ ആരംഭിക്കാനാകും. സാമ്പത്തിക പരാധീനതയും ഇതര സാമൂഹ്യ-കുടുംബ സാഹചര്യങ്ങളും കാരണം സ്കൂൾ പഠനം മുടങ്ങിപ്പോയ ഒരു ലക്ഷത്തോളം സ്ത്രീകൾക്ക് തുടർന്നു പഠിക്കാനുള്ള അവസരം ഇതിലൂടെ ലഭ്യമാകും. കുടുംബശ്രീ, സാക്ഷരതാമിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് 'സമ' പദ്ധതി നടപ്പാക്കുക. പത്താം ക്ലാസ് വിജയിക്കാത്തവരും ഹയർസെക്കൻഡറി വിജയിക്കാത്തവരുമായ 50 പേരെ വീതം ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനത്തിലും പഠിപ്പിക്കുന്നതിന് ആവശ്യമായ കോഴ്സ് ഫീസും പരീക്ഷാഫീസും മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ചാൽ മതിയാകും. പത്താംതരം, ഹയർസെക്കൻഡറി തുല്യതാ കോഴ്സുകൾ സാക്ഷരതാമിഷനാണ് നടത്തുക. പത്താംതരം തുല്യതാ കോഴ്സിന്റെ

പൊതുപരീക്ഷയും സർട്ടിഫിക്കറ്റ് വിതരണവും നടത്തുന്നത് സംസ്ഥാന പൊതുപരീക്ഷാ ബോർഡാണ്. ഈ കോഴ്സ് പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്. ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ പൊതുപരീക്ഷയും സർട്ടിഫിക്കറ്റ് വിതരണവും നടത്തുന്നത് ഹയർ സെക്കൻഡറി ഡയറക്ടറേറ്റാണ്. ഈ രണ്ടു കോഴ്സുകളും വിജയിക്കുന്നവർക്ക് തുടർ പഠനത്തിന് അർഹതയുണ്ട്. യോഗ്യതയുള്ള കുടുംബശ്രീ അംഗങ്ങൾക്ക് സെന്റർ കോ-ഓർഡിനേറ്റർമാർ, തുല്യതാ അധ്യാപകർ എന്നിവരായി തെരഞ്ഞെടുക്കും. 'സമ' പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസവും അതുമുഖേന മെച്ചപ്പെട്ട തൊഴിലും ലക്ഷ്യമിടുന്നു. (പിഎൻപി 3098/19)

## വിമുക്തഭടന്മാർക്കും ആശ്രിതർക്കും സൗജന്യ പുനരധിവാസ പരിശീലനം

തൊഴിൽ രഹിതരും 55ന് താഴെ പ്രായമുള്ളവരുമായ വിമുക്തഭടന്മാർക്കും അവരുടെ തൊഴിൽ രഹിതരായ ആശ്രിതർക്കും വിധവകൾക്കും സൗജന്യ പുനരധിവാസ പരിശീലനം നൽകും. ഈ വിഭാഗത്തിൽപ്പെട്ടവർ തങ്ങളുടെ അഭിരുചിക്കനുസരിച്ചുള്ളതും സർക്കാർ അംഗീകൃതവുമായ കോഴ്സ് വിവരങ്ങൾ ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നൽകിയാൽ അവ പരിശീലനത്തിൽ ഉൾപ്പെടുത്തും. താത്പര്യമുള്ളവർ ഈ മാസം 15ന് മുമ്പ് ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 0468 2222104.

(പിഎൻപി 3099/19)

## പരാതിപരിഹാര അദാലത്ത്

തിരുവല്ല താലൂക്ക്തല പരാതിപരിഹാര അദാലത്ത് ഈ മാസം 28ന് രാവിലെ 9.30 മുതൽ തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് സമീപമുള്ള സത്രം കോംപ്ലക്സിൽ നടക്കും. വെള്ളപ്പൊക്ക ദുരിതാശ്വാസം, റീസർവെ അപാകതകൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം എന്നിവ ഒഴികെയുള്ള പരാതികൾ അദാലത്തിൽ സ്വീകരിക്കും. പരാതികൾ 23ന് മുമ്പ് താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസുകൾ, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ അതത് ഓഫീസുകൾ എന്നിവിടങ്ങളിൽ നൽകണം.

(പിഎൻപി 3100/19)

## വർണോത്സവം-2019
## ശിശുദിനാഘോഷം 14ന് പത്തനംതിട്ടയിൽ

ജില്ലാ ശിശുക്ഷേമ സമിതി ജില്ലയിലെ വിദ്യാലയങ്ങളുടെയും എൻസിസി, എസ്പിസി കേഡറ്റുമാരുടെയും സഹകരണത്തോടെ നടത്തുന്ന ജില്ലാതല ശിശുദിനാഘോഷം വർണോത്സവം-2019 പത്തനംതിട്ട തൈക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ 14ന് നടക്കും. ജില്ലാ പോലീസ് മേധാവി ജി.ജയദേവ് പതാക ഉയർത്തും. കുട്ടികളുടെ സ്പീക്കർ പി.ബി.അരവിന്ദ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുട്ടികളുടെ പ്രധാനമന്ത്രി ജിയാ സാറാ റെജി പൊതസമ്മേളനം ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ പി.ബി.നൂഹ് ശിശുദിന സന്ദേശം നൽകും. ദേവപ്രിയ ലളിതഗാതവും ഭദ്രയും സംഘവും ദേശഭക്തിഗാനവും ആലപിക്കും. ജില്ലാ ലൈബ്രറി കൗൺസിൽ ചെയർമാൻ പ്രൊഫ.ടി.കെ.ജി.നായർ സ്റ്റാമ്പ് പ്രകാശനം ചെയ്യും. അലീന ജോൺസൺ, അനന്യ എസ്.ലാൽ, സ്നേഹ എസ്.നായർ എന്നിവർ സംസാരിക്കും. എഡിസി (ജനറൽ) കെ.കെ.വിമൽരാജ്, ശിശുക്ഷേമ സമിതി വൈസ്പ്രസിഡന്റ് പ്രൊഫ.കെ.മോഹൻകുമാർ എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്യും. ശിശുദിനാഘോഷത്തോടനുബന്ധിച്ച് രാവിലെ എട്ടിന് കളക്ടറേറ്റിൽ നിന്നും ആരംഭിക്കുന്ന കുട്ടികളുടെ ഘോഷയാത്ര ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഫ്ളാഗ് ഓഫ് ചെയ്യും.

(പിഎൻപി 3101/19)

## റേഷൻ വിതരണം: ജില്ലയ്ക്ക് 3457 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു

ഈ മാസം ജില്ലയിലെ റേഷൻ കാർഡുടമകൾക്ക് വിതരണം നടത്തുന്നതിനായി

3010.055 മെ. ടൺ അരിയും 447.208 മെ. ടൺ ഗോതമ്പും ഉൾപ്പെടെ 3457.263 മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിച്ചു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ (പിങ്ക് കാർഡ്) ഓരോ അംഗത്തിനും കിലോഗ്രാമിന് രണ്ട് രൂപാ നിരക്കിൽ നാല് കിലോഗ്രാം അരിയും ഒരു കിലോഗ്രാം ഗോതമ്പും, എ.എ.വൈ കാർഡുകൾക്ക് (മഞ്ഞ കാർഡ്) സൗജന്യ നിരക്കിൽ കാർഡൊന്നിന് 30 കിലോഗ്രാം അരിയും അഞ്ച് കിലോഗ്രാം ഗോതമ്പും ലഭിക്കും. മുൻഗണനാ-ഇതര-സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് (നീല കാർഡ്) ഓരോ അംഗത്തിനും നാല് രൂപ നിരക്കിൽ രണ്ട് കിലോഗ്രാം അരിയും 17 രൂപാ നിരക്കിൽ പരമാവധി മൂന്ന് കിലോഗ്രാം ആട്ടയും സ്റ്റോക്കിന്റെ ലഭ്യത അനുസരിച്ച് ലഭിക്കും. മുൻഗണനാ-ഇതര-നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് (വെള്ള കാർഡ്) കാർഡൊന്നിന് 10.90 രൂപാ നിരക്കിൽ മൂന്ന് കിലോഗ്രാം അരിയും 17 രൂപ നിരക്കിൽ പരമാവധി മൂന്ന് കിലോഗ്രാം ആട്ടയും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള എല്ലാ കാർഡുടമകൾക്കും കാർഡൊന്നിന് അര ലിറ്ററും, വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് നാല് ലിറ്ററും മണ്ണെണ്ണ, ലിറ്ററിന് 39 രൂപ നിരക്കിൽ ലഭിക്കും. ഏ.ഏ.വൈ കാർഡിനു മാത്രം 21 രൂപാ നിരക്കിൽ ഒരു കിലോ പഞ്ചസാര വിഹിതവുമുണ്ട്.

പരാതികൾ 1800-425-1550 എന്ന ടോൾഫ്രീ നമ്പരിലോ ജില്ലാ സപ്ലൈ ആഫീസിലെ 0468 2222612 എന്ന നമ്പരിലോ, താലൂക്ക് സപ്ലൈ ആഫീസുകളിലെ താഴെ പറയുന്ന നമ്പരുകളിലോ അറിയിക്കാം. റേഷൻകടകളിൽ പ്രദർശിപ്പിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും/താലൂക്ക് സപ്ലൈ ആഫീസറുടെയും മൊബൈൽ നമ്പരുകളിലും പരാതി വിളിച്ചറിയിക്കാവുന്നതാണ്. ഫോൺ: കോഴഞ്ചേരി-04682222212, കോന്നി-0468 2246060, തിരുവല്ല- 0469 2701327, അടൂർ-0473 4224856, റാന്നി - 0473 5227504, മല്ലപ്പള്ളി- 0469 2782374. (പിഎൻപി 3102/19)

## ആട് വളർത്തൽ പരിശീലനം

പത്തനംതിട്ട എസ്ബിയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന ആട് വളർത്തൽ പരിശീലന കോഴ്സിന് അപേക്ഷിക്കാം. താത്പര്യമുള്ളവർ 0468 2270244, 2270243 എന്നീ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യണം.

(പിഎൻപി 3103/19)

## ക്വട്ടേഷൻ

മിഷൻ ഗ്രീൻ ശബരിമല ക്യാമ്പയിന്റെ ഭാഗമായി തുണിസഞ്ചി, പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ ബോക്സ് എന്നിവ ലഭ്യമാക്കുന്നതിന് ജില്ലാ ശുചിത്വമിഷൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ 15ന് ഉച്ചയ്ക്ക് മൂന്ന് വരെ സ്വീകരിക്കും. ഫോൺ: 0468 2322014.

(പിഎൻപി 3104/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 11<br>November 11 | 2019 |
| --- | --- |

*1193 തുലാം 25 തിങ്കൾ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**48 തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതികൾക്ക് അംഗീകാരം**

ജില്ലയിലെ 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019 -20 വാർഷിക പദ്ധതി ഭേദഗതികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട, തിരുവല്ല, അടൂർ നഗരസഭകളിലെയും ഇലന്തൂർ, കോന്നി, റാന്നി, കോയിപ്രം, മല്ലപ്പള്ളി, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തുകളായ റാന്നി അങ്ങാടി, ഏറത്ത്, റാന്നി, അരുവാപ്പുലം, തോട്ടപ്പുഴശേരി, മൈലപ്ര, തുമ്പമൺ, ഏനാദിമംഗലം, ആറൻമുള, തണ്ണിത്തോട്, ചെറുകോൽ, ഇരവിപേരൂർ, പുറമറ്റം, കലഞ്ഞൂർ, നിരണം, നാരങ്ങാനം, കടമ്പനാട്, നെടുമ്പ്രം, ചിറ്റാർ, ഇലന്തൂർ, വടശേരിക്കര, കോട്ടാങ്ങൽ, ആനിക്കാട്, കോഴഞ്ചേരി, മല്ലപ്പുഴശേരി, പെരിങ്ങര, പന്തളം തെക്കേക്കര, കുളനട, ഓമല്ലൂർ, റാന്നി പഴവങ്ങാടി, കല്ലൂപ്പാറ, മെഴുവേലി, റാന്നി പെരുനാട്, കോന്നി, കൊടുമൺ, കുന്നന്താനം, അയിരൂർ, ചെന്നീർക്കര, എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതികൾക്കാണ് അംഗീകാരം നൽകിയത്.

പദ്ധതി പുരോഗതി ഗണ്യമായി ത്വരിതപ്പെടുത്തണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. ഇതിനായി ഈമാസം 13 മുതൽ നിർവഹണ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ജില്ലാതല, ബ്ലോക്ക്തല അവലോകന യോഗം ചേരും.

കുറ്റകൃത്യങ്ങൾക്ക് വിധേയരായവരുടെ സംരക്ഷണം, കുറ്റകൃത്യങ്ങളിൽ പങ്കാളികളായവരുടെ പരിവർത്തനം എന്നിവ ലക്ഷ്യമിട്ടുള്ള സാമൂഹികപ്രതിരോധ പദ്ധതി തെരഞ്ഞെടുക്കപ്പെട്ട അഞ്ചു പഞ്ചായത്തുകളിൽ 20-21 സാമ്പത്തിക വർഷം പഞ്ചായത്ത് ജാഗ്രതാ സമി

തിയുടെ പ്രവർത്തനവുമായി ചേർന്ന് നടപ്പാക്കുന്നതിന് തീരുമാനിച്ചു. നിലവിൽ കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നവരുടെ പരിവർത്തനത്തിനുള്ള സേവനം ജില്ലാ പ്രോബേഷൻ ഓഫീസ് മുഖേനയാണ് നടപ്പാക്കി വരുന്നത്. കുറ്റകൃത്യങ്ങൾ വർധിച്ച സാഹചര്യത്തിൽ ഇതിനു പരിഹാരം കാണുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ജില്ലാ ആസൂത്രണ സമിതി വിലയിരുത്തി. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ പ്രൊബേഷൻ ഉപദേശക സമിതി യോഗ തീരുമാനം ജില്ലാ പ്രോബേഷൻ ഓഫീസർ എ.ഒ.അബീൻ ജില്ലാ ആസൂത്രണസമിതിയിൽ അവതരിപ്പിച്ചു.

ആസൂത്രണ സമിതി അംഗങ്ങളായ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, അഡ്വ.ആർ.ബി. രാജീവ് കുമാർ, സാം ഈപ്പൻ, എൻ.ജി. സുരേന്ദ്രൻ, എം.ജി. കണ്ണൻ, വിനീത അനിൽ, ലീലാ മോഹൻ, എലിസബത്ത് അബു, ബിനി ലാൽ, ജില്ലാ പ്ലാനിംഗ് ഓഫീസർ വി. ജഗൽകുമാർ, അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ ജി. ഉല്ലാസ്, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3106/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.